പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5979 — 28.03.2018 -ൽ മറുപടിക്ക്.

## ഭക്ഷ്യധാന്യങ്ങൾ മറിച്ചു വിൽക്കുന്നത് തടയാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റേഷൻ അരി നിറം മാറ്റി വിവിധ ബ്രാന്റുകളെന്ന വ്യാജേന വില്പന നടത്താൻ വിപണിയിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരത്തിൽ കണ്ടെത്തിയ വില്പനക്കാർക്കെതിരെ നിയമനടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ മറിച്ചു വിൽക്കുന്നത് തടയാൻ നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; | (സി) അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ മറിച്ചു വില്ക്കുന്നത് തടയുന്നതിനും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി പ്രതിമാസ വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു. പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പ് എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ് അലർട്ടായി നല്കി വരുന്നു. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ റേഷൻ കടകളും മാസത്തിലൊരിക്കൽ കർശനമായി പരിശോധിക്കുകയും പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തുന്നുണ്ട്. നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പൂർണ്ണമായും നടപ്പിൽ വരുത്തുന്നതോടെ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങൾ മറിച്ചു വിൽക്കുന്നത് പൂർണ്ണമായും തടയാൻ കഴിയും. |

(ഡി) കരിഞ്ചന്ത തടയാൻ രൂപീകരിക്കേണ്ട ജില്ലാതല സ്ക്വാഡിന്റെ രൂപീകരണം ഇതുവരെ സാധ്യമായിട്ടില്ലാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ: വിശദമാക്കുമോ ?

(ഡി) വിലയിരുത്തിയിട്ടുണ്ട്; കരിഞ്ചന്ത തടയുന്നതിനായി സംസ്ഥാന തലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി തലത്തിൽ രണ്ട് സ്ക്വാഡുകളും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും പരിശോധനകൾ നിരന്തരം നടത്തുന്നുണ്ട്. ഇതോടൊപ്പം ജില്ലാ/താലൂക്ക് തലത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ, ഫുഡ് സേഫ്റ്റി, പോലീസ് എന്നി വകുപ്പുകളെ ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ ഉത്സവകാലങ്ങളിൽ സംസ്ഥാന ജില്ലാ താലൂക്ക് തലത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും പ്രത്യേക പരിശോധനകൾ നടത്താറുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**